# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-2026

## ജ്ഞാനോദയം എ എൽ പി സ്കൂൾ

## പെരുന്തിരുത്തി

# ആമുഖം

വിദ്യാലയത്തിലെ ഓരോകുട്ടിയും അവന്റെ കഴിവുകളെയും, ധാരണകളെയും അവന്റെ കഴിവുകളിലൂന്നിക്കൊണ്ട് വികസിപ്പിച്ച് മൂല്യങ്ങളും, മനോഭാവങ്ങളും ഊട്ടിയുറപ്പിച്ചുകൊണ്ട് സാധാരണക്കാരന്റെ വിദ്യാകേന്ദ്രങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന മഹത്തരമായ ലക്ഷ്യമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിഭാവന ചെയ്യുന്നത്.

കുട്ടി നേടിയ അറിവുകളെ സ്കൂളിനുപുറത്തുള്ള ലോകവുമായി ബന്ധിപ്പിക്കുക, പാഠ പുസ്തകത്തിന്റെ അതിർവരമ്പുകളിൽ നിന്ന് കുട്ടിയെ കൈപിടിച്ച് ഉയർത്തി അറിവിന്റെ വിശാലതയിലേക്ക് നയിക്കുന്നു. പരീക്ഷയും, പഠനവും തമ്മിൽ ഉദ്ഗ്രഥീകരിക്കുക. നിരന്തരമൂല്യനിർണയത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തുക. തുടങ്ങിയ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ നിർദേശങ്ങളും, പ്രക്രിയ ബന്ധിതവും പ്രവർത്തനാധിഷ്ഠിതവും, ശിശുകേന്ദ്രീകൃതവുമായ പഠനമാണ് യഥാർത്ഥത്തിൽ ക്ലാസ് മുറികളിൽ നടക്കേണ്ടതെന്ന ആശയങ്ങളാണ് വിദ്യാഭ്യാസ അവകാശ നിയമം മുന്നോട്ടുവക്കുന്നത്. ഈ ആശയങ്ങളിൽ ഊന്നി നിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണയിച്ചിട്ടുള്ളത്.

**ലക്ഷ്യങ്ങൾ**

1. LP തലത്തിൽ ഓരോ ക്ലാസ്സിലും കുട്ടി ആർജിക്കേണ്ട ശേഷികളും, ധാരണകളും, നൈപുണികളും, പരമാവധി കഴിവിനനുസരിച്ച് നേടി എന്ന് ഉറപ്പുവരുത്തുക. അതോടൊപ്പം സർഗശേഷികളും, അവയുടെ മേഖലയിലും, ശേഷികളും, ധാരണകളും ഉറപ്പുവരുത്തുക.
2. എല്ലാകുട്ടികൾക്കും, എല്ലാ മേഖലകളിലും, അനുഭവം ലഭിക്കുന്നതിനും, സർഗശേഷികളുടെ പോഷണത്തിനും, അവസരങ്ങൾ സൃഷ്ടിക്കൽ.

3. അന്താരാഷ്ട്ര പഠന നിലവാരം ഉയർത്തുന്നതിനാവശ്യമായ അക്കാദമിക, ഭൗതിക സാഹചര്യങ്ങൾ സ്കൂളിൽ ഉറപ്പാക്കും.
4. ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ശക്തിപ്പെടുത്തുക.
5. കലാകായിക പ്രവൃത്തി പരിചയ മേഖലകൾക്ക് പ്രത്യേക ഊന്നൽ നൽകും.
6. ക്ലാസ് മുറികളിൽ ഐ.സി.ടി. അധിഷ്ഠിത ക്ലാസ്സുകൾ ഉറപ്പാക്കുന്നതിന് പശ്ചാത്തല സൗകര്യം ഒരുക്കും.
7. ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണന നൽകും.
8. പഠനം രസകരവും, അറിവുനേടുന്നതിനും, ജിജ്ഞാസ ഉണർത്തുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കും.
9. സർഗചുമരുകളുടെ രൂപീകരണം.
10 ബാലസഭകളെ ശാക്തീകരിച്ച് സർഗവാസനകളെ പ്രോത്സാഹിപ്പിക്കുക.
11. ഡിജിറ്റൽ ക്ലാസ് മുറികൾ ഒരുക്കി E വായനയെ പ്രോത്സാഹിപ്പിക്കുക.
12. ലൈബ്രറി, ലാബ് ആധുനികവത്കരണം.
13. ലഘുപഠനയാത്രകൾ, പഠനക്യാമ്പുകൾ, ശിൽപശാലകൾ പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
14. കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിന്, കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സജ്ജമാക്കുക.
15. പൊതുസ്ഥലങ്ങൾ വൃത്തിയാക്കി സൂക്ഷിക്കുന്നതിനും, മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി വളർത്തിയെടുക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
16. 'ക്യാമ്പസ് തന്നെ പാഠപുസ്തകം' എന്ന ആശയത്തെ ഇപ്പോൾ ബലമാക്കി ജൈവ വൈവിധ്യോദ്യാനം എന്ന പ്രവർത്തനലക്ഷ്യത്തിൽ എത്തുക.
17. ഗ്രീൻ പ്രോട്ടോകോൾ നടപ്പിൽ വരുത്തുക.
18. മെച്ചപ്പെട്ട ആരോഗ്യം കുട്ടികളിൽ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ആരോഗ്യകേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് ബോധവത്കരണ ക്ലാസ്സുകൾ കൗൺസിലിംഗ്, ഗൈഡൻസ് തുടങ്ങിയവ നടപ്പിലാക്കുക.
19. പുഴയും, കണ്ടൽക്കാടുകളും സംരക്ഷിക്കുന്ന പ്രവർത്തനം സാമൂഹിക പങ്കാളിത്തത്തോടെ നടപ്പിലാക്കുക.

20. P.T.A, M.P.T.A ശാക്തീരണം
21. ടാലന്റ് സ്ലാബ് പ്രവർത്തനം നടപ്പിലാക്കുക.
22. ഡ്രാമാതിയേറ്റർ രൂപീകരണം, അവതരണം, ഇവ നടപ്പിലാക്കുക.
23. ആയോധനകലകളുടെ പരിശീലനം ഉദാ: കളരി, യോഗ, കരാട്ടെ.
24. സ്കൂൾ ഒരുപാഠ പുസ്തകമാക്കി മാറുക എന്ന ലക്ഷ്യത്തോടെ സ്കൂളും, പരിസരവും ആകർഷകമാക്കൽ.
25. ജലസ്രോതസ്സുകൾ, മണ്ണ്, വായു-ഇവ സംരക്ഷിക്കപ്പെടേണ്ടതാണെന്ന ബോധം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
26. അക്കാദമിക സൗകര്യം മെച്ചപ്പെടുത്തുന്നതിലേക്കായി, ബോർഡുകൾ, ലൈബ്രറി, ലാബ്, ഇവ മെച്ചപ്പെടുത്തുക.
27. നല്ല സ്വഭാവരൂപീകരണം, മൂല്യങ്ങളും, മനോഭാവങ്ങളും വളർത്തൽ, ശുചിത്വബോധം ഇവ ഉറപ്പാക്കുക.
28. ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തൽ, ഇംഗ്ലീഷ്ഡ്രാമാതിയേറ്റർ രൂപീകരണം.
29. പത്രങ്ങൾ, ആനുകാലികപ്രസിദ്ധീകരണങ്ങൾ, ഇവ വായിക്കുന്നതിനും, പ്രവർത്തനങ്ങൾ ചെയ്യുന്നതിനും പ്രോത്സാനങ്ങൾ നൽകൽ.
30. ഭാഷാലാബിന്റെ പ്രവർത്തനം നടപ്പിലാക്കുക.

## വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്

- 1 മുതൽ 5 വരെ ക്ലാസ്സിലെ കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തിക്കാൻ കഴിയുന്ന വിധത്തിൽ സമൂഹത്തിലെ പിന്തുണാസംവിധാനങ്ങളെ സ്കൂളുമായി ബന്ധിപ്പിക്കുക.
- രാജ്യത്തിന്റെ സാംസ്കാരികവും, കാർഷികവും, ജൈവവൈവിധ്യവും, സർഗ്ഗാത്മകവുമായ പാരമ്പര്യം കാത്തു സൂക്ഷിക്കാൻ കെൽപ്പുള്ള ഒരു തലമുറയെ സൃഷ്ടിക്കാൻ ഉതകും വിധം വൈവിധ്യമാർന്ന അനുഭവങ്ങൾ ഒരുക്കൽ.
- 5 വർഷം മുന്നിൽ കണ്ടുകൊണ്ട് വിദ്യാലയ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും അതു നേടുന്നതിന് അധ്യാപകനെ പ്രാപ്തരാക്കുക.
- വരുംകാലതലമുറയുടെ ആവശ്യങ്ങൾ മുന്നിൽകണ്ട് അധ്യാപകരെ ആധുനികവല്കരിക്കുക.

- ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണന നൽകുക.
- പ്രാദേശികമായ ജൈവവൈവിധ്യം സംരക്ഷിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.
- പഠനം ആഹ്ലാദപൂർണമായ അനുഭവമാക്കിമാറ്റൽ
- ലൈബ്രറിലാബ് ഇവ കുട്ടികൾക്ക് അനുസൃതമായി അനുയോജ്യമായരീതിയിൽ സജ്ജീകരിക്കുക.
- സ്വയം പഠനം, സംഘ പഠനം ഇവ നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.
- 'പ്രകൃതിതന്നെ പാഠപുസ്തകം' എന്ന ലക്ഷ്യത്തിലെത്താനുള്ള നിരീക്ഷണങ്ങളും, പരീക്ഷണങ്ങളും നടത്താൻ വിദ്യാലയത്തെ പ്രാപ്തമാക്കുക.
- വിദ്യാലയത്തിലെ പ്രവർത്തനങ്ങളിലെല്ലാം ജനകീയ പങ്കാളിത്തം ഉറപ്പാക്കുക.
- വിഭവ ഭൂപട നിർമ്മാണം നടത്തുക.

## സ്കൂൾ ചരിത്രം

കോഴിക്കോട് കോർപ്പറേഷനിലെ എലത്തൂർ നിയോജക മണ്ഡലത്തിലെ പെരുത്തിരുത്തി ഗ്രാമത്തിലാണ് ജ്ഞാനോദയം A.L.P സ്കൂൾ കണ്ടൽ കാടുകളാൽ സമൃദ്ധമായി പൂനൂർപുഴ, മംഗലം പുഴു, കാനോലികനാൽ എന്നീ പുഴകളാൽ ചുറ്റപ്പെട്ട് മനോഹരവും, ശാന്തവുമായ പ്രദേശം, പഴയകാലത്ത് മത്സ്യബന്ധവും, ചകിരി അനുബന്ധതൊഴിലുമായിരുന്നു ജനങ്ങളുടെ ജീവിതോപാധികൾ.

ഭവൻസ് സ്കൂൾ, നേഷണൽ കോളേജ്, നഴ്സിംഗ് കോളേജ് ഹോസ്റ്റൽ എന്നിങ്ങനെയുള്ള കോർപ്പറേറ്റ് മേഖലയുടെ കടന്നുവരവോടെ ഈ പ്രദേശം ഒരു അധിനിവേശ പ്രദേശമായി മാറിക്കൊണ്ടിരിക്കുകയാണ്. അതിനാൽ കുട്ടികളുടെ എണ്ണം വളരെ കുറഞ്ഞുവരികയാണ്. തുരുത്തുപ്രദേശമായതിനാൽ മറ്റു പ്രദേശങ്ങളിൽ നിന്നുള്ള കുട്ടികളുടെ കടന്നുവരവും വളരെ കുറവാണ്. പൂളാടിക്കുന്ന് ജംഗ്ഷനിൽ നിന്ന് പടിഞ്ഞാറോട്ട് പെരുന്തിരുത്തി റോഡിലൂടെ 2 കി.മീ ജ്ഞാനോദയം A.L.P സ്കൂളിൽ എത്താം 1 മുതൽ 5 വരെ ക്ലാസ്സുകൾ ഇവിടെ പ്രവൃത്തിക്കുന്നു.

## വിദ്യാലയത്തിന്റെ തുടക്കം

1993 ലാണ് വിദ്യാലയം സ്ഥാപിതമായത് എന്നാണ് സ്കൂൾ ചരിത്രം പറയുന്നതെങ്കിലും അതിനും എത്രയോ വർഷങ്ങൾക്ക് മുമ്പ് നിരക്ഷരരായ ഗ്രാമീണർക്ക് അറിവിന്റെ വെളിച്ചം പകർന്നു നൽകിയ ഒരു കുടിപ്പള്ളിക്കൂടമായി ഈ വിദ്യാലയം തുടക്കം കുറിച്ചിരിന്നു.

വലിയ തുരുത്തി പെരുന്തിരുത്തി പ്രദേശങ്ങളിലെയും ഈ പ്രദേശത്തെ അംഗൻവാടിയിലെയും കുട്ടുകൾക്ക് അറിവിന്റെ വെളിച്ചം നൽകാൻ ഈ വിദ്യാലയം ഇവിടെ അനിവാര്യമാകുന്നു.

കോളനി വാഴ്ചക്കെതിരായി പോരാട്ടത്തിൽ 'വിദ്യകൊണ്ട് പ്രബുദ്ധരാകുവിൻ' എന്ന ജനകീയ നേതാക്കളുടെ ആഹ്വാനം തന്റെ ഗ്രാമത്തിലെ നിരക്ഷരരായ ജനങ്ങളിലും എത്തിക്കണം എന്ന ലക്ഷ്യത്തോടെ ശ്രീ. തോട്ടിലാടത്ത് പാച്ചു ഈ ഗ്രാമത്തിലും ജനങ്ങളിൽ അക്ഷരവെളിച്ചം നൽകി തുടങ്ങി. സമൂഹത്തിലെ അരുതായ്മകൾക്കെതിരെ പോരാടാൻ അവരെ പ്രാപ്തരാക്കി തുരിത്തിലെ ജന്മിമാർക്കും, അവരുടെ മക്കൾക്കും, അധഃകൃത വിഭാഗങ്ങൾക്കും ഒരു പോലെ അദ്ദേഹം അറിവിന്റെ വെളിച്ചം പകർന്നുനൽകി. ഒരു വിദ്യാലയത്തിന്റെ അനിവാര്യത ജനങ്ങളെ ബോദ്ധ്യപ്പെടുത്തി. വാഗ്ഭടാനന്ദന്റെ പ്രസ്ഥാനം പോലെ കേരളത്തിൽ ചിലയിടങ്ങളിൽ ജ്ഞാനോദയം A.L.P സ്കൂൾ സ്ഥാപിതമായി കോഴിക്കോട്ടും വടകരയിലും മറ്റും ഈ പേരിൽ ഇപ്പോഴും സ്കൂൾ പ്രവൃത്തിച്ചുവരുന്നു.

സ്വന്തമായി സ്ഥലമില്ലാതിരുന്ന നിർധനനായിരുന്നു ശ്രീ തോട്ടിലാടത്ത് പാച്ചു ശ്രീ. പള്ളിക്കരകണ്ടൻ ഈ നാട്ടിലെ ഏറെ ഭുമിയുടെയും അവകാശിയായ ജന്മിയായിരുന്നു. അദ്ദേഹം വിദ്യാലയത്തിന് ആവശ്യമായ സ്ഥലം ദാനമായി നൽകി. അങ്ങനെ നാട്ടിലെ ആളുകൾ ഒത്തുചേർന്ന് ഓലമേഞ്ഞ ഷെഡ് ഉണ്ടാക്കുകയായിരുന്നു. കഠിനമായ മഴക്കാലത്ത് കെട്ടിടങ്ങൾ പൊളിഞ്ഞു വീഴുമ്പോൾ പഠനം മിക്കപ്പോഴും അടുത്ത വീടുകളിലായിരുന്നു. പിന്നീട് പാച്ചുവിന്റെ മകനും മാനേജരും, ഹെഡ്മാസ്റ്ററുമായിരുന്ന ശ്രീ രാമൻകുട്ടി മാസ്റ്ററുടെ കാലത്താണ് ഇന്നു കാണുന്ന കെട്ടിടം ഉണ്ടാക്കിയത്. അക്കാലത്ത് ഈ വിദ്യാലയം ഇവിടെ സ്ഥാപിക്കപ്പെട്ടിരുന്നില്ലെങ്കിൽ ഈ പ്രദേശത്തെ വികസനം ഇത്രത്വരിതപ്പെടുമായിരുന്നില്ല.

## അക്കാദമിക രംഗം

പ്രാദേശികമായ പ്രത്യേകത കാരണം 40 വർഷത്തിൽ ഏറെയായി വിദ്യാലയം അനാദകരമായി തുടരുന്നു. സ്കൂളിനടുത്തുള്ള അംഗനവാടിയിൽ പോലും 10 ൽ താഴെ കുട്ടുകളേയുള്ളു എങ്കിലും അക്കാദമിക രംഗത്ത് വിദ്യാലയത്തിന് മികവാർന്ന നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. L.S.S സ്കോളർഷിപ്പ്, ക്വിസ്പ്രോഗ്രാമുകൾ, ശാസ്ത്ര സബ്ജില്ലാ, ജില്ലാശാസ്ത്ര പ്രവൃത്തി പരിചയമേള, സബ് ജില്ലാകലാമേള എന്നിവയിൽ വിദ്യാലയത്തിനുമികവാർന്ന നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. വാർഷികാഘോഷങ്ങൾ, ദേശീയ ദിനങ്ങൾ, മറ്റു ദിനാചരണങ്ങൾ തുടങ്ങിയവയും വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. P.T.A യും S.S.G പൂർവ്വ വിദ്യാർത്ഥി സംഘടനയും ഉണ്ട്.

## സ്മാർട്ട് ക്ലാസ്സ്റൂം

ശ്രീ. എ.കെ. ശശീന്ദ്രൻ എലത്തൂർ നിയോജകമണ്ഡലം എം.എൽ.എ യുടെ വകയായി ഒരു സ്മാർട്ട് ക്ലാസ്സ് റൂം അനുവദിച്ചു കിട്ടിയിട്ടുണ്ട്. കുട്ടികൾക്ക് വളരെ പ്രയോജനകരമായ രീതിയിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കോഴിക്കോട് എം.പി. എ.കെ. രാഘവന്റെ എം.പി. ഫണ്ടിൽ നിന്ന് 2 കമ്പ്യൂട്ടറുകൾ അനുവദിച്ചു കിട്ടിയിരുന്നു.

2011–12 അക്കാദമിക വർഷത്തിൽ അതിൽ ഒരു കമ്പ്യൂട്ടർ പ്രവർത്തിക്കുന്നു. ഒന്ന് പ്രവർത്തന രഹിതമാണ്.

# അക്കാദമികം
# വിഷയസമീപനം
# പഠനബോധനതന്ത്രങ്ങൾ

## ആമുഖം ഇംഗ്ലീഷ്

നിത്യജീവിതത്തിൽ ഭാഷ വളരെ പ്രധാന്യമുള്ള ഒന്നാണ്. ഭാഷ കൈകാര്യം ചെയ്യുന്നതിലുള്ള കഴിവാണ് ഭാഷയുടെ മനോഹാരിത. നിത്യജീവിതത്തിൽ ഇംഗ്ലീഷ് ഭാഷയ്ക്കുള്ള പ്രാധാന്യം വളരെ വലുതാണ്. ഇംഗ്ലീഷ് വീട്ടിൽ സംസാരിക്കാനും, സ്കൂളിൽ മുഴുവൻ സമയവും ഇംഗ്ലീഷ് സംസാരിക്കാനുള്ള സാഹചര്യം ഒരുക്കാനുമുള്ള പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകേണ്ടതുണ്ട്. ഉച്ചാരണശുദ്ധിയോടെ, വ്യാകരണ നിയമങ്ങൾ ഉൾക്കൊണ്ട് കുട്ടികൾ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തണം. ഇതിനായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

## കാഴ്ചപ്പാട്

കളികളിലൂടെയും നാടകങ്ങളിലൂടെയുമുള്ള പ്രവർത്തനങ്ങൾ ഇംഗ്ലീഷ് പഠനം കൂടുതൽ രസകരമാക്കാൻ കഴിയും. കുട്ടികൾക്ക് ഏറെ പരിചിതമായ ഗൃഹാന്തരീക്ഷവും സ്കൂൾ അന്തരീക്ഷവും ഇംഗ്ലീഷ് രസകരമായ പഠനമാക്കാൻ സഹായിക്കും. റോൾപ്ലേ, Conversation, Choreagraphy എന്നീ ആക്ടീവ് പ്രവർത്തനങ്ങളിലൂടെ കുട്ടുകൾക്ക് പെട്ടെന്ന് ഇംഗ്ലീഷ് കൈകാര്യം ചെയ്യാൻ സാധിക്കും. മലയാളം പോലെ ഇംഗ്ലീഷ് സംസാരിക്കാൻ കുട്ടികൾക്ക് സാധിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ നാം നൽകേണ്ടതുണ്ട്

## ആമുഖം - മലയാളം

വായിച്ചു വളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ മുഴുവൻ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാനുള്ള പ്രവർത്തനങ്ങളാണ് നാം ഭാഷയിൽ നൽകേണ്ടത്. നിത്യജീവിതത്തിൽ ആശയവിനിമയത്തിന് ഭാഷയ്ക്ക് വളരെയേറെ പ്രാധാന്യമുണ്ട്. എല്ലാ കുട്ടികൾക്കും ഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള കഴിവ് ഉണ്ടാക്കി കൊടുക്കുക എന്ന ഒറ്റ ലക്ഷ്യം മുൻനിർത്തി വേണം പ്രവർത്തനങ്ങൾ നാം ആസൂത്രണം ചെയ്യേണ്ടത്. ഭാഷ മനോഹരമായി കൈകാര്യം ചെയ്യുമ്പോഴാണ് അതിന്റെ ഗുണാത്മകത കുട്ടികളിൽ നിറയുന്നത്. വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്ക് എഴുത്തും വായനയും ഒരു നവ്യാനുഭവമായി മാറ്റാനുള്ള പ്രവർത്തനങ്ങളാണ് നാം നൽകേണ്ടത്.

## കാഴ്ച്ചപ്പാട്

ഭാഷാപഠനത്തിന്റെ പ്രാഥമികലക്ഷ്യമായ എഴുത്തും വായനയും 1 ഉം, 2 ഉം ക്ലാസ്സുകളിൽ ഉറപ്പിച്ചുകൊണ്ട് 3,4 ക്ലാസ്സുകളിലെത്തുമ്പോഴേക്കും ഭാഷയുടെ സർഗാത്മകതലങ്ങളായ രചനകളിലേക്ക് കൈപിടിച്ചുയർത്തുന്ന പ്രവർത്തനങ്ങൾ ലക്ഷ്യം വയ്ക്കുന്നത്. നാടകങ്ങൾ, കവിതകൾ, ചെറുലേഖനങ്ങൾ, ആസ്വാദകകുറിപ്പ് ഇവ വായിക്കാനും എഴുതാനുമുള്ള അവസരങ്ങൾ ഒരുക്കിക്കൊടുക്കാനും, ഇവ അവതരിപ്പിക്കുന്ന വേദികളാണ് ബാലസഭകളും, വിദ്യാരംഗപ്രവർത്തനങ്ങൾ തുടങ്ങിയവ മാഗസിൻ നിർമ്മാണവും ഈ പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്നതിനായി സ്കൂൾ ലൈബ്രറി പ്രവർത്തനങ്ങൾ ശക്തിപ്പെടേണ്ടതുണ്ട്.

## ആമുഖം – ഗണിതം

ഗണിതത്തിന് നിത്യജീവിതത്തിൽ വളരെയേറെ പ്രാധാന്യമുണ്ട്. ഗണിത പഠനം ലളിതവും രസകരവുമായി കുട്ടികൾക്ക് അനുഭവപ്പെടണം. ഗണിതം മനോഹരം എന്ന ആശയം ഉൾക്കൊണ്ട് വേണം നമ്മൾ ഗണിതാശയം കുട്ടികളിൽ എത്തിക്കേണ്ടത്. കുട്ടികൾക്ക് ഭയം മാറി അത് ആസ്വദിക്കാൻ കഴിയണം. നിത്യജീവിതത്തിൽ ഗണിതം അനായാസമായി കൈകാര്യം ചെയ്യുവാനുള്ള കഴിവ് ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നാം കുട്ടികൾക്ക് നൽകേണ്ടത്.

**കാഴ്ചപ്പാട്**

ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിന് ഗണിത കളികൾ കുട്ടികൾക്ക് വളരെ പ്രയോജനപ്പെടുന്നു. അങ്ങനെ ഗണിതപ്രശ്നങ്ങൾ കുട്ടികൾക്ക് അനായാസമായി കൈകാര്യം ചെയ്യാൻ കഴിയുന്നു.

ഏറെ പരിചിതമായ ജീവിതസാഹചര്യങ്ങൾ പ്രശ്നാപഗ്രഥനത്തിന് പ്രയോജനപ്പെടുത്തുന്നതുകൊണ്ട് കുട്ടികൾക്ക് ഗണിതത്തിൽ കൂടുതൽ താൽപര്യമുണ്ടാകുന്നു.


# അക്കാദമിക് മാസ്റ്റർ പ്ലാൻ
## പ്രശ്ന വിശകലന ഫോർമാറ്റ് –1

മേഖല: അക്കാദമികം

വിഷയം: ഗണിതം

പ്രവർത്തനം 1 : സംഖ്യ വ്യാഖ്യാനിക്കാൻ കഴിയുന്നില്ല

ലക്ഷ്യം : ഗണിത അഭിരുചി വളർത്തൽ

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. Ict ഉപയോഗിച്ചുള്ള ഗണിത ക്ലാസ് (ക്ലാസ് തലം)<br>• കൂട്ടുകാരെ കണ്ടെത്തണം<br>eg. 20+5 15+10<br>• 3. കളങ്ങൾ പൂർത്തിയാക്കാം<br>32 - 28 + - etc<br>• സംഖ്യാ സൂര്യൻ<br><br>തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികൾ Ict യുടെ സഹായത്തോടെ ഗ്രൂപ്പായി ചെയ്യുന്നു. | ക്ലാസ് ടീച്ചർ | ജൂൺ ആഴ്ച്ചയിൽ ഒരു ദിവസം | | |
| 2. ഗണിത കിറ്റുകളുടെ ശേഖരണം.<br>• 1, 2 ക്ലാസുകളിലെ കുട്ടികൾ ഇലഞ്ഞിക്കുരു, സ്ട്രോ, മുത്ത് എന്നിവ ഗ്രൂപ്പായി ശേഖരിക്കുന്നു. | ക്ലാസ് ടീച്ചർ | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## പ്രശ്ന വിശകലന ഫോർമാറ്റ് –1

മേഖല: അക്കാദമികം

വിഷയം: ഗണിതം

പ്രവർത്തനം 1 : സംഖ്യ വ്യാഖ്യാനിക്കാൻ കഴിയുന്നില്ല

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 3,4 ക്ലാസുകളിലെ കുട്ടികൾ ഗ്രൂപ്പാവുന്നു. ഓരോ ഗ്രൂപ്പും സംഖ്യാ കാർഡുകൾ, കളിനോട്ടുകൾ, അബാക്കസ് എന്നിവ ടീച്ചറുടെ നേതൃത്വത്തിൽ ഉണ്ടാക്കുന്നു.<br>3. പാഠ ഭാഗവുമായി ബന്ധപ്പെട്ട ഗണിത കളികൾ<br>1,2 ക്ലാസുകളിൽ പാമ്പും കോണിയും ലുഡോയും ടീച്ചറുടെ നേതൃത്വത്തിൽ കളിക്കുന്നു.<br>രണ്ടാം ക്ലാസിലെ കുട്ടികൾ റാണിയും മക്കളും ടീച്ചറുടെ നേതൃത്വത്തിൽ കളിക്കുന്നു.<br>സൈഡ് കളി (3,4 ക്ലാസ്) സംഖ്യകൾ എഴുതിയ ചാർട്ടിൽ കുട്ടികൾ സൈഡ് 2 പ്രാവശ്യം കൂട്ടുന്നു. ഓരോ തവണയും വീണ കളത്തിലെ സംഖ്യകൾ തമ്മിൽ കൂട്ടുന്നു. | ക്ലാസ് ടീച്ചർ | ആഗസ്റ്റ് to നവമ്പർ<br>പാഠഭാഗവുമായി ബന്ധപ്പെട്ട് | 500 (കളി ഉപകരണങ്ങൾ വാങ്ങൽ) | P.T.A |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## പ്രശ്ന വിശകലന ഫോർമാറ്റ് –1

മേഖല: അക്കാദമികം                    വിഷയം: ഗണിതം

പ്രവർത്തനം –2

ലക്ഷ്യം : നിത്യജീവിതത്തിൽ ഗണിത പ്രശ്നങ്ങൾ നേരിടാൻ പ്രാപ്തരാക്കുന്നു.

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. കാർഷിക ക്ലബ് വിളവെടുപ്പ് സ്കൂൾ പച്ചക്കറി വിളവെടുപ്പ്. ഓരോ തവണയും വിളവെടുത്ത തൂക്കവും വിലയും കണ്ടെത്തൽ. ഏതാണ് കൂടുതൽ എത്ര കൂടുതൽ | ക്ലാസ് ടീച്ചർ | സപ്റ്റംബർ ഒക്ടോബർ | 5000 (വിത്ത്, വളം, കൃഷി ഉപകരണങ്ങൾ) | P.T.A |
| 2. കായിക മേള<br>കായിക മേളയിൽ പങ്കെടുത്ത ആൺ കുട്ടികൾ, പെൺകുട്ടികൾ ആകെ കുട്ടികൾ ആരാണ് കൂടുതൽ? ഓരോ ഇനത്തിലും പങ്കെടുത്ത കുട്ടികൾ എത്ര? ഏത് ഇനത്തിലാണ് കൂടുതൽ കുട്ടികൾ പങ്കെടുത്തത്. | ക്ലാസ് ടീച്ചർ | നവംബർ ഡിസംബർ | 1000 (ബാറ്റ്, ബോൾ etc.) | S.S.G |
| 3. ക്ലാസിൽ ഒരു കട<br>ക്ലാസിൽ കട ഒരുക്കുന്ന ഓരോ ഗ്രൂപ്പും കളിനോട്ട് ഉപയോഗിച്ച് സാധനങ്ങൾ വാങ്ങുന്നു. ഗ്രൂപ്പ് മാറ്റി വീണ്ടും കളിക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ ഓരോ ക്ലാസിനും യോജിച്ച രീതിയിൽ നൽകുന്നു. | ക്ലാസ് ടീച്ചർ | പാഠഭാഗവുമായി ബന്ധപ്പെട്ട സമയത്ത് | | |
| മോണിറ്ററിംഗ്:<br>H.M<br>P.T.A<br>S.S.G | | | | |

# പരിസര പഠനം

## ആമുഖം

ശാസ്ത്രം പ്രവർത്തനമാണ്. ഭാവിയിലേക്ക് ഉറ്റുനോക്കുന്ന പുരോഗമന പരമായ ഈ സമൂഹത്തിനെ ദാരിദ്രത്തിന്റെയും അജ്ഞതയുടെയും അന്ധ വിശ്വാസത്തിന്റെയും പുകമറയില്ലാത്ത ലോകത്തേക്ക് എത്തിക്കാൻ ശാസ്ത്ര ത്തിനേ കഴിയു. ജിജ്ഞാസയുണർത്തുന്ന നിരീക്ഷണം, പരീക്ഷണം വർഗീ കരണം തുടങ്ങിയ വിവിധ മേഖലകളിലെ പ്രവർത്തനങ്ങളിലൂടെ ശാസ്ത്രീയ വിജ്ഞാനം വികസിപ്പിക്കാൻ പറ്റുന്ന തരത്തിലാവണം പഠന പ്രക്രിയ നട ക്കേണ്ടത്. നമുക്കു ചുറ്റുമുള്ള എന്തിനെയും കണ്ടും കേട്ടും തൊട്ടറിഞ്ഞും നടത്തുന്ന പ്രക്രിയാധിഷ്ഠിത പഠനം കുട്ടിയെ ശാസ്ത്രം പഠിക്കാൻ പഠിപ്പി ക്കുന്നു. കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്താൻ ഇത്തരം പ്രവർത്ത നങ്ങൾക്ക് കഴിയുന്നു. ശാസ്ത്രപഠനത്തിൽ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കാനുള്ള ശ്രമമാണ് ഈ ഘട്ടത്തിൽ നടത്തുന്നത്.

## കാഴ്ച്ചപ്പാട്

പ്രകൃതി തന്നെ പാഠപുസ്തകം എന്ന ആശയം ഉൾക്കൊള്ളുന്ന പാഠ്യപ ദ്ധതിയിലൂന്നിയ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിലൂടെ ശാസ്ത്രപഠനം കുട്ടികൾക്ക് ഏറെ കൗതുകം നിറഞ്ഞതും അതോടൊപ്പം താൽപര്യം ജനിപ്പി ക്കുന്നതും ആയിത്തീരുന്നു. കുട്ടികൾക്ക് ഏറെ പരിചിതമായ പരിസരവുമായി ബന്ധപ്പെടുത്താവുന്ന പ്രവർത്തനമായ കുടിവെള്ളം എന്ന ആശയവുമായി ബന്ധപ്പെടുത്തി കുടിവെള്ള സ്രോതസ്സുകൾ, കുടിവെള്ള ക്ഷാമം, അവയുടെ സംരക്ഷണം എന്നിവയുടെ പ്രാധാന്യം തിരിച്ചറിയുന്നു. സമൂഹത്തിൽ നേരി ടുന്ന ഇത്തരം പ്രശ്നങ്ങൾക്ക് ശാസ്ത്രീയമായി പരിഹാരം കാണാനും കുട്ടി കളെ പ്രാപ്തരാക്കുന്നു. എല്ലാ കുട്ടികളിലും ശാസ്ത്ര മനോഭാവം വളർത്തി യെടുക്കത്ത രീതിയിൽ പരീക്ഷണ നിരീക്ഷണങ്ങളിലേർപ്പെട്ട് നിഗമനങ്ങളി ലെത്തിച്ചേരാനും കുട്ടികൾക്ക് കഴിയണം.

ലഘുകുറിപ്പ്

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായ വായു, മണ്ണ്, ജലം എന്നീ ആശയങ്ങൾ കുട്ടിക്ക് ഏറെ പരിചിതമാണ്. പരിസരവുമായി ബന്ധപ്പെടുന്ന വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടി അനായാസമായി ഒരു പ്രശ്നത്തെ അഭിമുഖീകരിക്കാനും അത് ശാസ്ത്രീയമായി പരിഹരിക്കാനുമുള്ള ശ്രമം നടത്തും. വെള്ളവുമായി ബന്ധപ്പെടുത്തി കുടിവെള്ള സ്രോതസുകൾ സർവ്വേ, C D പ്രദർശനം, കരുതലോടെ ഉപയോഗിക്കാം, ഫീൽഡ് ട്രിപ് തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികളെ തിരിച്ചറിവുള്ളവരാക്കാൻ പ്രാപ്തരാക്കും. ഇത് വരും തലമുറയുടെ സംരക്ഷണപ്രവർത്തനങ്ങളിൽ ഒരു മുതൽ കൂട്ടാവുക തന്നെ ചെയ്യും. കൂടാതെ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിലേർപ്പെടുന്നത് കുട്ടികളിൽ ശാസ്ത്രമനോഭാവം വളർത്തിയെടുക്കാനും സാധിക്കും.

# കായികപഠനം

## അക്കാദമിക് മാസ്റ്റർ പ്ലാൻ
## പ്രശ്നവിശകലന ഫോർമാറ്റ് -1

മേഖല: അക്കാദമികം

പ്രശ്നം : എൽ.പി. തലത്തിൽ കായികപഠനത്തിന് അവസരം കുറവ്

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം |
|---|---|---|
| **കുട്ടി**<br>മറ്റു വിഷയങ്ങളുടെ പ്രാധാന്യം കുട്ടികൾ കായിക പഠനത്തിന് നൽകുന്നില്ല.<br>താൽപര്യമുള്ള കായിക പ്രവർത്തനത്തിന് സൗകര്യമില്ല<br>കായിക പ്രവർത്തനങ്ങളിൽ പെൺകുട്ടികൾ വിമുഖത കാണിക്കുന്നു.<br>**അധ്യാപകർ**<br>മുൻ അനുഭവമില്ലാതെ കുട്ടികളെ പരിശീലിപ്പിക്കാൻ കഴിയുന്നില്ല.<br>എല്ലാ മേഖലയിലും പരിശീലനം നൽകാൻ കഴിയുന്നില്ല<br>**രക്ഷിതാവ്**<br>കുട്ടികളെ കായിക പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കാൻ താൽപര്യമില്ല<br>**സംവിധാനം**<br>കായിക പ്രവർത്തനങ്ങൾക്ക് സൗകര്യമില്ല.<br>കായിക പഠനത്തിന് അധ്യാപകരില്ല.<br>കായിക പഠനത്തിന് ആവശ്യമായ പിരിയേഡുകളില്ല. | കായികക്ഷമതയുടെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുക.<br>കായിക പഠനത്തിനുള്ള സൗകര്യമൊരുക്കൽ.<br>പ്രാദേശിക, കായിക പ്രതിഭകളുടെ സേവനം ഉറപ്പാക്കൽ.<br>ബോധവത്ക്കരണ പരിപാടി<br>പിരിയേഡുകൾ വർദ്ധിപ്പിക്കൽ<br>സ്പോർട്സ് കൗൺസിലിന്റെ സേവനം ഉറപ്പാക്കൽ | കുട്ടികൾക്ക് കായിക ശില്പശാല<br>വൈവിധ്യമാർന്ന കായിക പരിശീലനം<br>പ്രാദേശിക കായിക പരിശീലകരുടെയും പ്രതിഭകളുടെയും ശിൽപശാല.<br>രക്ഷാകർതൃബോധവത്കരണം<br>ഭൗതിക സൗകര്യമൊരുക്കൽ<br>പഠന സമയം വർദ്ധിപ്പിക്കൽ<br>സ്പോർട്സ് കൗൺസിൽ സഹായം |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## പ്രശ്ന വിശകലന ഫോർമാറ്റ് -1

മേഖല: അക്കാദമികം

പ്രവർത്തനം :

ലക്ഷ്യം : കായികക്ഷമത ഉറപ്പുവരുത്തൽ

| ഉപപ്രവർത്തനങ്ങൾ | ചുമതല /ടീം അംഗങ്ങളുടെ പേര് | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| കായിക പഠനത്തിന് താൽപര്യമുള്ള കുട്ടികളെ കണ്ടെത്തൽ ഇനം നിശ്ചയിക്കൽ | കായിക സമിതി | ജൂൺ | | |
| നിശ്ചിത മേഖലയിൽ കുട്ടികളുടെ ശേഷി അറിയാനുള്ള പ്രവർത്തനങ്ങൾ | | ജൂൺ | | |
| ഓരോ ഇനത്തിലും ഉപസമിതിയെ കണ്ടെത്തൽ (രക്ഷിതാവ്, ടീച്ചർ, പൂർവ്വ വിദ്യാർത്ഥി, പരിശീലകൻ) | | ജൂൺ | | P.T.A |
| പ്രതിവാര പരിശീലന പരിപാടി | | ജൂൺ മാർച്ച് | | |